(ഡി) പി.എം.ജി.എസ്.വൈ.-II പ്രകാരം റോഡുകൾ തെരഞ്ഞെടുക്കുന്നതിന് മുന്നോടിയായി ജി.ഐ.എസ്. പ്ലാറ്റ് ഫോമിൽ ജില്ലാതലത്തിൽ ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ (DRRP) Map in GIS- Platform-ൽ) തയ്യാറാക്കി ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുണ്ട്. ഇതിനോടകം തന്നെ 14 ജില്ലകളുടെയും ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ (DRRP) ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടിയിട്ടുണ്ട്. ഇനി ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

മുട്ട, പാൽ, മാംസം ഉൽപാദനത്തിൽ സ്വയംപര്യാപ്തത

16 (*286) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുട്ട, പാൽ, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ;

(സി) മൃഗാശുപത്രികൾ കേന്ദ്രീകരിച്ച്, കോഴി, ആട്, കന്നുകാലികൾ എന്നിവയെ കുറിച്ചുള്ള വിജ്ഞാന കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) മുട്ടയുടെ ഉൽപാദനത്തിൽ 2013-14-ൽ 2012-13-നെ അപേക്ഷിച്ച് 10.69% വർദ്ധനവും മാംസത്തിന്റെ ഉൽപ്പാദനത്തിൽ 3.76% വർദ്ധനവും ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് പാലുല്പാദനം 2010-11-ൽ 26.43 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2013-14 ആയപ്പോഴേക്കും 29.03 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ മാംസോൽപാദനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 44.46% വർദ്ധന കൈവരിച്ച സംസ്ഥാനത്ത് മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2015 ജനുവരി വരെ ഏകദേശം 45 കോടി മുട്ട അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ 2339 ടൺ കോഴിയിറച്ചി ഉല്പാദിപ്പിച്ചിട്ടുണ്ട്. മിൽമയുടെ പ്രതിദിന ആഭ്യന്തര സംഭരണം കഴിഞ്ഞ വർഷം 9.41 ലക്ഷം ലിറ്റർ ആയിരുന്നത് ഇപ്പോൾ 10 ലക്ഷം ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്.

(ബി) മുട്ട, പാൽ, മാംസം എന്നിവയുടെ ആഭ്യന്തരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഘട്ടം ഘട്ടമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ പല പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. ശാസ്ത്രീയ രീതിയിൽ കന്നുകുട്ടി പരിപാലനപദ്ധതി
2. ഗോവർദ്ധിനി
3. 13-ാം ധനകാര്യ കമ്മീഷൻ
4. സൗജന്യ നിരക്കിൽ കൃത്രിമ ബീജദാനം
5. കറവപ്പശുക്കൾക്ക് വിരമരുന്നു നൽകൽ
6. 'സൗജന്യ നിരക്കിൽ ധാതുലവണമിശ്രിതം
7. എരുമവളർത്തൽ പ്രോൽസാഹന പദ്ധതി
8. അകിട്ടു രോഗനിയന്ത്രണ പദ്ധതി
9. മൃഗാരോഗ്യ ക്യാമ്പുകൾ
10. രാത്രികാല അടിയന്തര മൃഗചികിൽസാ സേവനം
11. പ്രധാന രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ്

LIBRARY ARCHIVES Kerala Legislative Assembly

12. സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ

13. ബാക്ക് യാർഡ് താറാവു വളർത്തൽ

14. സ്കൂൾ കുട്ടികൾക്ക് കോഴികളെ വിതരണം ചെയ്യുന്ന പദ്ധതി

15. എം.പി.ഐ., കേരളാ ഫീഡ്സ് എന്നിവയിലൂടെ ഗ്രാമനിലവാരമുള്ള കാലിത്തീറ്റ നിർമ്മാണ ഫാക്ടറികൾ സ്ഥാപിക്കൽ

16. കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ മുഖേന ബാക്ക് യാർഡ് കോഴിവളർത്തൽ, നഗരങ്ങളിൽ കൂട്ടുകളിൽ കോഴിവളർത്തൽ

17. ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ സുൽത്താൻ ബത്തേരിയിൽ ആധുനിക അറവുശാല

18. മാംസോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വാണിജ്യാടിസ്ഥാനത്തിൽ പരിശീലനം

19. പട്ടികജാതി വകുപ്പിലൂടെ പട്ടികജാതി ഗുണഭോക്താക്കൾക്ക് പശുവിനെ നൽകുന്ന പദ്ധതി

20. ആർ.കെ.വി.വൈ.

21. കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ്

പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി എന്നിവ. പ്രസ്തുത പദ്ധതികൾ നടപ്പാക്കിയതിലൂടെ സംസ്ഥാനത്ത് കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും തീറ്റപ്പുൽ കൃഷിക്ക് ധനസഹായം നൽകുന്നതിലൂടെ തീറ്റച്ചെലവ് കുറയ്ക്കുകയും അതുവഴി പാലുല്പാദനം ലാഭകരമായ ഒരുപാധിയായി മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.

അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആർ.കെ.വി.വൈ. തുടങ്ങിയവയുടെ കീഴിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ പദ്ധതികൾ ആവിഷ്കരിച്ചു. ആധുനികവൽക്കരണത്തിലൂടെ ഉൽപാദനം വർദ്ധിപ്പിച്ചും മാംസോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ പ്രതിദിനം 200 മാടുകളെയും പന്നികളെയും സംസ്കരിക്കുന്നതിനുള്ള പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ഇടയാറിൽ പൂർത്തിയായിവരുന്നു. ചാലക്കുടിയിലും മുണ്ടയാട്ടും ഓരോ പുതിയ പ്ലാന്റും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. സംസ്ഥാനത്ത് മുട്ട കോഴിയിറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടുകൂടി കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. ഗ്രാമം നിറയെ കോഴികൾ
2. കോഴി വളർത്തൽ ഗ്രാമങ്ങൾ
3. കെപ്കോ ആശ്രയ
4. നഗരപ്രിയ
5. കെപ്കോ ഗ്രാമം
6. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്
7. ഗ്രാമീണ മേഖലയിലെ കോഴിവളർത്തൽ പദ്ധതി

മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമേ ഒരു ലക്ഷം മുട്ടക്കോഴികളെ വളർത്താൻ ശേഷിയുള്ള ഒരു ഹൈടെക് മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തിരുവനന്തപുരം ജില്ലയിലെ കടപ്പനക്കുന്നിൽ ആരംഭിച്ചു കഴിഞ്ഞു. കോഴിയിറച്ചിയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് ഇന്റഗ്രേഷൻ കോഴിവളർത്തൽ പദ്ധതി. ഇതിന് പുറമേ കാസർഗോഡ് ജില്ലയിലെ കരിന്തളം പഞ്ചായത്തിൽ തുടങ്ങുന്ന ആധുനിക ഇറച്ചിക്കോഴി ബ്രീഡർ ഫാമിന്റെ സ്ഥാപന പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് സംഭരിക്കുന്ന പാലിന് ന്യായവില നൽകുന്നതിനു വേണ്ടി മിൽമയുടെ ഭരണസമിതി കാലാകാലങ്ങളിൽ പാൽ ഉൽപാദനചെലവും മറ്റും പരിഗണിച്ച് ന്യായമായ വില നിശ്ചയിക്കുന്നുണ്ട്. മിൽമയുടെ ആഭ്യന്തര സംഭരണം വർദ്ധിപ്പിക്കുന്നതിന് മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അതിലേക്ക് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പദ്ധതി വിഹിതങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം മിൽമയുടെ സ്വന്തം ഫണ്ടും ഉപയോഗിക്കുന്നുണ്ട്. കൂടുതൽ ഗ്രാമപ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

മിൽക്ക് സൊസൈറ്റികൾ രൂപീകരിക്കുക, കാലികൾക്കുള്ള റേഷൻ ബാലൻസിംഗ് സമ്പ്രദായം നടപ്പിലാക്കുക വഴി ഉൽപ്പാദന ചെലവ് കുറയ്ക്കുക എന്നിവ വഴി പാൽ സംഭരണം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ വിതരണം ചെയ്യുന്ന കാലിത്തീറ്റയിൽ സബ്സിഡികളും നൽകിവരുന്നുണ്ട്. കൂടുതൽ ആൾക്കാരെ ക്ഷീരമേഖലയിലേക്ക് കൊണ്ടു വരുന്നതിനു വേണ്ടി ബോധവൽക്കരണ പരിപാടികളും മിൽമ സംഘടിപ്പിക്കുന്നുണ്ട്.

(സി) മൃഗാശുപത്രികൾ വിജ്ഞാനകേന്ദ്രങ്ങളാണ്.

ജൈവവളങ്ങളുടെ ഉപയോഗവും ഗുണനിലവാര പരിശോധനയും

17 (*287) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യമുള്ള ജൈവവളങ്ങൾ അന്യ സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള എത്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് ; അവ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) മായം കലർന്ന വളങ്ങൾ ഉപയോഗിച്ച് മണ്ണിനെ വിഷലിപ്തമാക്കുന്ന സാഹചര്യം പരിശോധിക്കാൻ കർശന നടപടി സ്വീകരിക്കുമോ ;

(ഡി) ജൈവ വളങ്ങൾക്കൊപ്പം രാസമിശ്രിത വളങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളായണി, വെള്ളാണിക്കര, കയർബോർഡ്, കൊച്ചി സ്പൈസസ് ബോർഡ്, കൊച്ചി & കോഴിക്കോട്, റബ്ബർ ബോർഡ്, കോട്ടയം, തിരുവനന്തപുരത്തുള്ള CTCRI എന്നീ സ്ഥാപനങ്ങളുടെ ലാബുകളിൽ ജൈവവള സാമ്പിളുകൾ അയച്ച് ഗുണനിലവാര പരിശോധന നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly